**പ്രമുഖ പണ്ഡിതന്മാരുടെ കീഴിലെ ദർസ് പഠനത്തിന് ശേഷം ഏഴു വർഷം കാരന്തൂർ മർകസിൽ പഠനം നടത്തി സഖാഫി, കാമിൽ ബിരുദം കരസ്ഥമാക്കുകയും ശേഷം നിരവധി മഹല്ലുകളിൽ ഖതീബും മുദരിസുമായി സേവനം അനുഷ്ഠിക്കുകയും ചെയ്ത മുസ്തഫ സഖാഫി അൽ കാമിലി താൻ മുജാഹിദ് പ്രസ്ഥാനത്തിലേക്ക് കടന്നുവരാനുണ്ടായ സാഹചര്യങ്ങളെ കുറിച്ച് വിശദീകരിക്കുന്നു.**

തയ്യാറാക്കിയത്: എം.വി. ഖാലിദ്, തിരൂരങ്ങാടി (ജിദ്ദ)

## അനുഭവങ്ങളിലൂടെ............




*? താങ്കളുടെ പേര്, നാട്, കുടുംബ പശ്ചാത്തലം?*

പേര് മുസ്തഫ ടി.കെ. പാലക്കാട് ജില്ലയിലെ പട്ടാമ്പിക്കടുത്ത് മുതുതല യാണ് സ്വദേശം. ഉപ്പ സൈതാലി, ഉമ്മ എനിക്ക് പന്ത്രണ്ട് വയസ്സുള്ളപ്പോൾ മരണമടഞ്ഞു. (ന.മ) പിതാവ് പുനർവിവാഹം ചെയ്തു. ആകെ ഞങ്ങൾ ഏഴ് മക്കൾ. മൊത്തത്തിൽ ഞങ്ങളുടെ കുടുംബം സുന്നികൾ. എന്നാൽ എന്റെ ജേഷ്ഠൻ ഒരു മുജാഹിദാണ്. ഒരനിയൻ സമസ്തയുടെ മദ്രസ്സയിൽ അധ്യാപകനുമാണ്.

*? ജേഷ്ഠൻ മുജാഹിദ് ആശയം സ്വീകരിക്കാനുള്ള പ്രത്യേക വല്ല സാഹചര്യങ്ങളും?*

സാമ്പത്തിക ഞെരുക്കമുള്ള കാലമായതിനാൽ ഞങ്ങളുടെ മാതാവ് എന്നേയും ജേഷ്ഠനേയും കൊടുങ്ങല്ലൂരിൽ ചേരമാൻ പള്ളിക്ക് സമീപമുള്ള സി.എം.എം. ഓർഫനേജിലാണ് ചേർത്തിയത്. അവിടെ മദ്രസ്സാ പഠനം പൂർണമായും സലഫീ സിലബസ്സായിരുന്നു. ഉമ്മയുടെ വേർപാടിന് ശേഷവും ജേഷ്ഠൻ സലഫീ സ്ഥാപനങ്ങളിൽ തന്നെ തുടർന്ന് പഠിക്കുകയും കുടുംബത്തിൽ നിന്നും ഉണ്ടായ എതിർപ്പുകളൊന്നും വകവെക്കാതെ പഠനം തുടരുകയും ചെയ്തു. ആ ഒരു ഉറച്ച മനസ്സുണ്ടായതുകൊണ്ട് തന്നെ അവൻ നല്ല സ്ഥാനത്തെത്തുകയും കുടുംബത്തിനാകമാനം താങ്ങും തണലുമാവുകയും ചെയ്തു.

എന്നാൽ ഞാൻ സലഫീ ആദർശം പഠിപ്പിക്കുന്ന സ്ഥാപനത്തിലേക്ക് പോകാൻ വിസമ്മതിച്ചതിനാൽ സുന്നിയായ അമ്മാവൻ എന്നെ പള്ളിദർസിൽ ചേർക്കുകയാണുണ്ടായത്.

*താങ്കളുടെ മതപഠനങ്ങൾ എവിടെയൊക്കെയായിരുന്നു ?*

വല്ലപ്പുഴ കമാലുദ്ദീൻ മുസ്ലിയാർ, കൊട്ടവായൂർ സഅ്ദ് മുസ്ലിയാർ എന്നിവരുടെ കീഴിലും, വല്ലപ്പുഴ, വേങ്ങര, വളാഞ്ചേരി എന്നീ പള്ളികളിലും ശേഷം ഏഴ് വർഷം മർക്കസ് സഖാഫത്തിസ്സുന്നിയ്യയിലും പഠിച്ചു. 1995 ൽ സഖാഫി-കാമിൽ ബിരുദമെടുത്തു. പത്തിരിപ്പാല, കൂറ്റനാട് പട്ടിശ്ശേരി ജുമാമസ്ജിദുകളിൽ ഖത്തീബും മുദരിസുമായി സേവനമനുഷ്ഠിച്ചു. കുറച്ചുകാലം റാസൽ ഖൈമയിലും ഇപ്പോൾ ജിദ്ദയിലും ജോലി ചെയ്യുന്നു. അൽഹംദുലില്ലാഹ്.

*? ഈ കാലയളവിൽ ഇസ്ലാഹീ പ്രസ്ഥാനത്തോടുള്ള സമീപനമെങ്ങനെയായിരുന്നു?*

അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന് അംഗീകരിക്കാൻ പറ്റാത്ത പുത്തനാശയങ്ങൾ പ്രചരിപ്പിക്കുന്നവരാണ് സലഫികൾ എന്നുതന്നെയാണ് ഞാൻ വിശ്വസിച്ചിരുന്നത്. അത്രമാത്രം തെറ്റിദ്ധരിപ്പിക്കലാണ് സമസ്തക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ അവരെ വെറുക്കുകയും സലഫികൾക്കെതിരെ പ്രസംഗിക്കുകയും ക്ലാസ്സുകൾ എടുക്കുകയും ചെയ്യുമായിരുന്നു.

*? താങ്കൾ വെറുത്തിരുന്ന സലഫീ പ്രസ്ഥാനത്തിലേക്ക് തന്നെ വരാൻ കാരണം?*

യു.എ.ഇ. യിലെ റാസൽ ഖൈമയിൽ ധാരാളം ഇസ്ലാമിക ഗ്രന്ഥങ്ങ

ളുടെ ശേഖരമുള്ള വലിയൊരു മക്ത്തബയിലായിരുന്നു ഞാൻ ജോലി ചെയതിരുന്നത്. ഒഴിവുസമയങ്ങളിലൊക്കെ ഞാൻ കിതാബുകൾ നിരന്തരം പഠിക്കുമായിരുന്നു. പഠനസമയത്തും മറ്റും വിമർശനത്തോടെ മാത്രം കാണുകയും പിഴച്ചവരും പിഴപ്പിക്കുന്നവരുമായി കണ്ടിരുന്ന ഇബ്നുതൈമിയ്യ (റ) ഇബ്നു ഖയ്യിം (റ) മുഹമ്മദ്ബ്നു അബ്ദിൽ വഹാബ് (റ) തുടങ്ങിയ മഹാന്മാരായ പണ്ഡിതന്മാരുടെ മഹത്ഗ്രന്ഥങ്ങളും അവരെക്കുറിച്ച് മറ്റുമഹാപണ്ഡിതന്മാർ എഴുതിയതുമായ ധാരാളം ഗ്രന്ഥങ്ങൾ വായിക്കാൻ എനിക്ക് സാധിച്ചു. ഈ മഹാപണ്ഡിതന്മാരെക്കുറിച്ച് ഞാൻ ഇതുവരെ മനസ്സിലാക്കിയതൊക്കെയും സത്യത്തോട് യോജിച്ചതല്ലായിരുന്നു എന്നെനിക്ക് ബോദ്ധ്യപ്പെട്ടു. മാറ്റത്തിന്റെ തുടക്കം അവിടെ നിന്നായിരുന്നു.

*? നക്ഷത്രതുല്ല്യരെന്ന് കരുതിപ്പോന്നിരുന്ന ഉസ്താദുമാരുടെ ആശയ ആദർശങ്ങൾ സത്യത്തോട് യോജിച്ചതല്ലെന്ന തിരിച്ചറിവ് താങ്കൾക്കുണ്ടാകുവാൻ കാരണം?*

എന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ച ഒരു സംഭവം ഒരിക്കൽ ഉണ്ടായി. സുന്നീ ആശയങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുമ്പോഴും ഖുതുബിയ്യത്തിനെ ഉൾകൊള്ളാൻ എന്റെ മനസ്സ് അനുവദിച്ചിരുന്നില്ല. മർക്കസ്സിലെ പള്ളിയിൽ ഒരുദിവസം കാന്തപുരം ഉസ്താദിന്റെ നേതൃത്വത്തിൽതന്നെ ഖുതുബിയ്യത്ത് നടക്കുകയുണ്ടായി. യാ ശൈഖ് മൊഹ്‌യദ്ദീൻ അബ്ദുൽഖാദിർ ജീലാനീ എന്ന് കാന്തപുരവും മറ്റുള്ളവരും ഉറക്കെ ചൊല്ലിക്കൊണ്ടിരുന്നപ്പോൾ യാ ഹയ്യു യാ ഖയ്യൂം എന്ന ദിക്റാണ് ഞാൻ ചൊല്ലിയിരുന്നത്. ഖുതുബിയ്യത്ത് യഥാർത്ഥത്തിൽ ശൈഖ് ജീലാനിയോടുള്ള പ്രാർത്ഥന തന്നെയാണെന്നതിൽ യാതൊരു സംശയവും ഉണ്ടായിരുന്നില്ല. ഉസ്താദ് കാന്തപുരം തന്നെ ഭക്തിപുരസ്സരം ഖുതുബിയ്യത്ത് ചൊല്ലുന്നത് കണ്ടപ്പോൾ എന്തൊ എന്റെ മനസ്സിൽ അസ്വസ്ഥതകൾ തലപൊക്കാൻ തുടങ്ങി. എന്നിരുന്നാലും നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്ലിയാരെപ്പോലെയുള്ള പണ്ഡിതന്മാരുടെ ദുർവ്യാഖ്യാനങ്ങളിലും ന്യായീകരണങ്ങളിലും സ്വയം സമാധാനമടയുകയായിരുന്നു.

*? എന്തായിരുന്നു ആ ദുർവ്യാഖ്യാനമെന്ന് വിശദീകരിക്കാമോ?*

സകല ശിർക്കിനേയും ഖുറാഫാത്തിനേയും തൗഹീദീകരിക്കുന്ന "സ്വമദിയ്യത്ത്" അഥവാ സ്വയം കഴിവ് എന്ന മതിൽ കെട്ടായിരുന്നു അതിലെ ഒന്നാമൻ. മക്കാ മുശ്‌രിക്കുകൾ തങ്ങളുടെ ആരാധ്യന്മാർക്ക് സ്വമദിയ്യത്ത് വകവെച്ച് കൊടുത്തത്കൊണ്ടാണ് മുശ്‌രിക്കുകളായത് എന്നും എന്നാൽ സുന്നികളാരും തന്നെ തങ്ങൾ വിളിച്ചുപ്രാർത്ഥിക്കുന്നവർക്ക് സ്വമദിയ്യത്ത് കൽപിക്കുന്നില്ലെന്നും അതുകൊണ്ട് തന്നെ സുന്നികൾ നടത്തുന്ന മരിച്ചവരോടുള്ള പ്രാർത്ഥന ഒരിക്കലും ശിർക്കാവുകയില്ലെന്നുമായിരുന്നു ദുർവ്യാഖ്യാനം ഈ ദുർവ്യാഖ്യാനം സുന്നികൾക്കിടയിൽ വലിയ സ്വാധീനം നേടുകയും ചെയ്തു.

നെല്ലിക്കുത്ത് മുസ്ലിയാർ തന്റെ കുപ്രസിദ്ധമായ 'തൗഹീദ് ഒരു സമഗ്രപഠനം' എന്ന പുസ്തകത്തിൽ ഈ ആശയം വിശദീകരിക്കുന്നത് ഇവിടെ ഉദ്ധരിക്കുന്നത് സത്യാന്വേഷികൾക്ക് പ്രയോജനപ്പെടുമെന്നതിനാൽ ഇവിടെ ഉദ്ധരിക്കാം.

"ഈ ലോകമാകുന്ന സ്ഥാപനത്തിന് സാക്ഷാൽ ഉടമസ്ഥൻ അല്ലാഹുമാത്രമാണെന്ന വിശ്വാസത്തിന് തൗഹീദെന്നും അതിൽ പങ്കുകാരുണ്ടെന്ന വിശ്വാസത്തിന് ശിർക്ക് എന്ന് പറയുന്നു. ഇങ്ങിനെയുള്ള അധികാരം പങ്കിടലും ഉടമാവകാശവും അല്ലാഹുവോടൊപ്പം മറ്റുള്ളവർക്കുമുണ്ടെന്ന വിശ്വാസമായിരുന്നു മക്കാമുശ്‌രിക്കുകൾ വെച്ചുപുലർത്തിയിരുന്നത് എന്ന് അനേകം ഖുർആൻ ആയത്തുകളിലൂടെ

**മണ്ണാർക്കാട് സംവാദം പഠനത്തിന് എനിക്ക് സഹായകമായി. സ്വമദിയ്യത്തെന്ന മതിൽകെട്ട് തകർന്ന സംവാദമായിരുന്നല്ലോ അത്. മക്കാ മുശ്‌രിക്കുകളെക്കുറിച്ച് പ്രതിപാദിക്കുന്ന ആയത്തുകളും അതിന്റെ പ്രാമാണിക തഫ്സീറുകളും ഞാൻ വ്യക്തമായി പരിശോധിച്ചു. പ്രത്യേകിച്ച് ഇമാം റാസി തങ്ങളുടെ തഫ്സീറുൽ കബീർ എന്ന പ്രസിദ്ധ ഗ്രന്ഥം സത്യവും അസത്യവും തിരിച്ചറിയാൻ ഏറെ പ്രയോജനപ്പെട്ടു. നെല്ലിക്കുത്ത് ഉസ്താദിന്റെ വാദം സത്യവിരുദ്ധമാണെന്ന് ഞാൻ മനസ്സിലാക്കി. സലഫികളുടെ വാദമാണ് ശരിയെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ സലഫീ പ്രസ്ഥാനത്തോട് സ്നേഹവും ആദരവും തോന്നി. എന്തിനേറെ സാധാരണക്കാരായ സുന്നികൾക്കുവേണ്ടി തയ്യാറാക്കിയ തിരൂരങ്ങാടി ഖാസിയുടെ തഫ്സീറിലും സലഫികളുടെ ആശയമാണുള്ളത്.**

സുവ്യക്തമായതാണ്. അവർ അങ്ങിനെ പങ്കുകാരെ ചേർത്തിരുന്നില്ലെന്നും ഇബാദത്തിൽ മാത്രമേ പങ്കുണ്ടായിരുന്നുള്ളു എന്നുമുള്ള വഹാബി വാദം സുന്നികളെ മുശ്‌രിക്കായി ചിത്രീകരിക്കാൻ ഇബ്‌ലീസിന്റെ സഹായത്തോടെ നടത്തിയ ദുർവ്യാഖ്യാനങ്ങളാണ്" (പേജ്. 239)

241-ാം പേജിൽ ഈ വാദം ഒന്നുകൂടി അരക്കിട്ടുറപ്പിക്കുന്നു. "സ്വയം കഴിവുള്ള അല്ലാഹുവിന്റെ ശരീക്ക് (പങ്കാളി) സ്വയം കഴിവുള്ളവനാകണമല്ലൊ. സ്വയം കഴിവും അധികാരവും ഇല്ലാത്ത ഒന്നിനെ പങ്കാളി എന്നുപറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്. അല്ലാഹുവിനോടൊപ്പം അധികാരവും ഉടമാവകാശവും പങ്കിടുന്നവർ ആണ് കീഴ്ദൈവങ്ങൾ എന്നു

തന്നെയായിരുന്നു മുശ്‌രിക്കുകൾ വിശ്വസിച്ചിരുന്നത്" (പഴയപതിപ്പ്).

ഇത് ശുദ്ധമായ ദുർവ്യാഖ്യാനമാണെന്ന തിരിച്ചറിവുണ്ടായതോടെ ഈ വിഷയത്തെ കൂടുതൽ പഠിക്കാൻ തീരുമാനിച്ചു. മണ്ണാർക്കാട് സംവാദം പഠനത്തിന് എനിക്ക് സഹായകമായി. സ്വമദിയ്യത്തെന്ന മതിൽകെട്ട് തകർന്ന സംവാദമായിരുന്നല്ലോ അത്. മക്കാ മുശ്‌രിക്കുകളെക്കുറിച്ച് പ്രതിപാദിക്കുന്ന ആയത്തുകളും അതിന്റെ പ്രാമാണിക തഫ്സീറുകളും ഞാൻ വ്യക്തമായി പരിശോധിച്ചു. പ്രത്യേകിച്ച് ഇമാം റാസി തങ്ങളുടെ തഫ്സീറുൽ കബീർ എന്ന പ്രസിദ്ധ ഗ്രന്ഥം സത്യവും അസത്യവും തിരിച്ചറിയാൻ ഏറെ പ്രയോജനപ്പെട്ടു. നെല്ലിക്കുത്ത് ഉസ്താദിന്റെ വാദം സത്യവിരുദ്ധമാണെന്ന് ഞാൻ മനസ്സിലാക്കി. സലഫികളുടെ വാദമാണ് ശരിയെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ സലഫീ ഒരു സുന്നി മനസ്സിരുത്തി വായിച്ചാൽ തന്നെ അയാൾ സലഫീ പ്രസ്ഥാനത്തിലേക്ക് കടന്നുവരും എന്നതാണ് വസ്തുത.

ഇത്രയും പച്ചയായ യാഥാർത്ഥ്യങ്ങളെ വളച്ചൊടിച്ച് മക്കാ മുശ്‌രിക്കുകളുടെ വിശ്വാസത്തെപ്പോലും ദുർവ്യാഖ്യാനിച്ചൊപ്പിക്കുന്നത് തങ്ങളുടെ ശിർക്കൻ വിശ്വാസങ്ങളെ വെള്ളപൂശാനണെന്ന വസ്തുത വൈകിയാണെങ്കിലും മനസ്സിലാക്കാൻ സാധിച്ചതിൽ ഞാൻ പടച്ച റബ്ബിനെ സ്തുതിക്കുകയാണ്.

*? ഇതുപോലെ ദുർവ്യാഖ്യാനിക്കപ്പെട്ട ആയത്തുകളെക്കുറിച്ചോ ഹദീസുകളെക്കുറിച്ചൊ ഇസ്‌ലാഹിന്റെ വായനക്കാരുമായി പങ്കുവെക്കാമോ?*

ധാരാളമുണ്ട്. പക്ഷെ ഈ അവസരത്തിൽ അതൊക്കെ വിശദീകരിക്കുക പ്രയാസമാണ്. ഇ.അ. മറ്റൊരവസരത്തിൽ നമുക്കതൊക്കെ വിശദീകരിക്കാം. എന്റെ സുഹൃത്ത് സുലൈമാൻ സഖാഫി ലോകത്തിലാരും ചെയ്യാത്ത ഒരു കൊടുംപാതകം ചെയ്തത് ഇസ്‌ലാഹ് മാസികതന്നെയാണല്ലോ ആദ്യമായി പിടികൂടിയത്. സൂറ: ന്നിസാഅ്ലെ 64-ാം വചനത്തിലെ റസൂലു എന്ന 'ഉ'കാരത്തെ റസൂല എന്ന 'അ'കാരമാക്കി മാറ്റി 'അല്ലാഹുവിനോടും റസൂലിനോടും പാപമോചനം തേടിയാൽ', എന്ന അർത്ഥവും കൊടുത്തത് മുസ്‌ലിം കേരളം മറന്നിട്ടുണ്ടാവില്ല.

**ഓരോ സംവാദങ്ങൾ നടന്നുകഴിയുമ്പോഴും ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ അജയ്യത ബോദ്ധ്യപ്പെടുകയാണ്. സമസ്തയുടെ പാപരത്തവും. രണ്ടുതരം പ്രാർത്ഥനകളുണ്ടെന്നാണ് മണ്ണാർക്കാട് സംവാദത്തിൽ എന്റെ സുഹൃത്ത് സുലൈമാൻ സഖാഫി തട്ടിവിട്ടത്. നബി (സ്വ) അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിച്ച ഒന്നാമത്തെ പ്രാർത്ഥന എല്ലാവർക്കുമറിയാം. എന്നാൽ രണ്ടാമതായി പറഞ്ഞ പ്രാർത്ഥനയെക്കുറിച്ച് വിശദീകരിക്കണമെന്ന് മുജാഹിദ് പണ്ഡിതൻ സകരിയ്യ സ്വലാഹി ആവർത്തിച്ചാവർത്തിച്ചുചോദിച്ചിട്ടും എന്റെ സുഹൃത്ത് സുലൈമാൻ സഖാഫി ഉരുണ്ടുമറിയുകയാണ് ചെയ്തത്. അതിനുശേഷം പല സംവാദങ്ങളും നടന്നുവല്ലൊ. സുലൈമാന്റെയും അലവിയുടേയും രാസായുധമായ സ്വമദിയ്യത്ത് എവിടെയും പറഞ്ഞു കേട്ടില്ല. മുഖാമുഖ വീരന്മാരായ ഇവർ സ്വമദിയ്യത്ത് പറഞ്ഞാണല്ലോ രക്ഷപ്പെട്ടിരുന്നത്. മുജാഹിദുകൾ സുന്നികളെ കാഫിറാക്കുന്നുവെന്ന് ആവേശത്തോടെ തെളിയിക്കാൻ വന്ന പേരോട് സഖാഫി ഇ.കെ. കുറ്റാനാടിനെ കാഫിറും മുർത്തദ്ദുമാക്കി എന്ന വാർത്ത ഹനീഫ കായക്കൊടിയിൽ നിന്നു വായിച്ചുകേട്ടപ്പോൾ വിളറി വെളുക്കുന്നത് എല്ലാവരും കണ്ടതാണ്. അവസാനം കോട്ടക്കലിൽ "ഉൻളുർനാ" എന്ന പുതിയ തെളിവുമായി വന്ന അഹ്സനിമാരുടെ ചിരിനാടകവും സമുദായ മക്കൾ സഹിച്ചു. ഏതൊരു സാധാരണക്കാരനും മനസ്സിലാകുന്ന ദുർവ്യാഖ്യാനമാണ് അഹ്സനിമാർ നടത്തിയത്. കേട്ടാൽ തോന്നുക അല്ലാഹുവിനോട് പ്രാർത്ഥിക്കാനുള്ള തെളിവിനേക്കാൾ കൂടുതൽ മരിച്ചവരെ വിളിച്ചു പ്രാർത്ഥിക്കാനാണെന്ന്.**

പ്രസ്ഥാനത്തോട് സ്നേഹവും ആദരവും തോന്നി. എന്തിനേറെ സാധാരണക്കാരായ സുന്നികൾക്കുവേണ്ടി തയ്യാറാക്കിയ തിരൂരങ്ങാടി ഖാസിയുടെ തഫ്സീറിലും സലഫികളുടെ ആശയമാണുള്ളത്. നമുക്ക് പരിശോധിക്കാം.

"പ്രപഞ്ചത്തിന്റെ നാഥനും സ്രഷ്ടാവും അല്ലാഹുവാണ് എന്ന് ബഹുദൈവ വിശ്വാസികളും സമ്മതിക്കുന്നുണ്ട്. ആകാശത്തുനിന്നും മഴവർഷിപ്പിച്ച് ഭൂമിയെ സജീവമാക്കുന്നതും അല്ലാഹുവാണെന്നവർക്കറിയാം. ഈ പ്രവർത്തനങ്ങളിലൊന്നും മറ്റാർക്കും പങ്കില്ലെന്നും അവർക്കറിയാത്തതല്ല. എന്നിട്ടും അല്ലാഹുവിന് മാത്രം ചെയ്യേണ്ട ഇബാദത്ത് അവർ മറ്റുള്ളവർക്കും ചെയ്യുന്നു. തികച്ചും ബുദ്ധിശൂന്യമായ ഒരു പ്രവൃത്തിയാണിത് എന്ന കാര്യത്തിൽ സംശയമില്ല". (വാള്യം 2-876)

അബ്ദുറഹിമാൻ മഖ്ദൂമി തങ്ങൾ രചിച്ച ഈ തഫ്സീർ

ഈയിടെ ആറ്റിങ്ങൽ മുഖാമുഖത്തിൽ വെച്ച് പേരോട് സഖാഫി സ്ത്രീധനം വാങ്ങുന്നതിന് വിരോധമില്ലെന്ന് പറഞ്ഞ് ഓതിയത് മഹ്ർ നിർബന്ധമായും കൊടുക്കണമെന്നറിയിക്കുന്ന സൂറ: അന്നിസാഅ്ലെ 4-ാം വചനമാണ്. അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കാൻ തെളിവായി കൊട്ടപ്പുറത്ത് വെച്ച് എ.

പി. ഉസ്താദ് ഓതിയത് അല്ലാഹു അല്ലാത്തവരെ ആരാധിക്കാൻ യാതൊരു രേഖയും ഇല്ലെന്നറിയിക്കുന്ന സൂറ: സുഖുറുഫ് 45-ാം ആയത്ത്. ഇതുപോലെ എത്രയെത്ര ആയത്തുകളാണിവർ ഓതിക്കൊണ്ടിരിക്കുന്നത്. എന്തു പറ്റി ഇവർക്ക്?

നെല്ലിക്കുത്ത് ഉസ്താദിൽ നിന്നും തുടങ്ങി സഖാഫി ഏറ്റുപിടിച്ച എന്നെ വളരെയേറെ വേദനിപ്പിച്ച ഒരു ദുർവ്യാഖ്യാനമാണ് 'അഊദുബികലിമാത്തില്ലാഹിത്താമ്മാത്തി..........' എന്ന ഹദീസ്. സൃഷ്ടികളിൽ അത്യുത്തമനായ നബി (സ്വ) യും അല്ലാഹുവിന്റെ സുഹൃത്ത് എന്ന് അല്ലാഹു വിശേഷിപ്പിക്കുകയും നംറൂദിന്റെ കിങ്കരന്മാർ തീയിലിട്ടപ്പോൾ സഹായവാഗ്ദാനവുമായി വന്ന ജിബ്രീൽ (അ) യോട് എനിക്കല്ലാഹു മതി എന്ന് പറഞ്ഞ ഇബ്രാഹീം (അ) യും ഉന്നതരായ അർവാഹുകളോട് കാവൽ തേടി എന്ന് അല്ലാഹുവിനോട് കാവലിനെ ചോദിച്ചു എന്ന് പഠിപ്പിക്കുന്ന ഹദീസാണ് ഇവർ ഉദ്ധരിക്കുന്നത്. മഹാന്മാരായ നബിമാരുടെ മേൽപോലും കളവ് പ്രചരിപ്പിക്കുന്ന ദയനീയമായ അവസ്ഥ.

*? റാസി ഈ ആശയം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് പറയുന്നുണ്ടല്ലൊ?*

ഒരിക്കലുമില്ല. ബുദ്ധിചിന്തകന്മാരിൽ ഈ ആശയം സ്ഥിരപ്പെട്ടിട്ടുണ്ടെന്നാണ് ഇമാം റാസി തങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ കാര്യം പറഞ്ഞ ഉടൻതന്നെ തൗഹീദിന്റെ ബഹറിൽ മുങ്ങിക്കുളിച്ചവരാരും തന്നെ അല്ലാഹുവിനോടല്ലാതെ കാവൽ ചോദിക്കുകയില്ല എന്ന് മഹാനവർകൾ വിശദമാക്കുന്നുമുണ്ട്. പ്രവാചകന്മാരുടെ പേരുകൾ ഉദ്ധരിച്ച് കൊണ്ടും ആയത്തുകൾ ഉദ്ധരിച്ചുകൊണ്ടും പ്രവാചകൻമാർ അഖിലവും അല്ലാഹുവിനോട് മാത്രമാണ് കാവലിനെത്തേടിയത് എന്നും ഇമാം റാസി തങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇതിനൊക്കെ പുറമെ ഇതേ അദ്ധ്യായത്തിൽ തന്നെ എന്തുകൊണ്ടാണ് നാം മലക്കുകളോട് കാവലിനെ തേടാത്തത് എന്നൊരു ചർച്ചയും കാണാം. പിശാചിനെ നാം കാണുന്നില്ല. എന്നാൽ പിശാച് നമ്മളെ കാണുകയും ചെയ്യുന്നു. മലക്കുകൾക്ക് പിശാചിന്റെ മുഴുവൻ പ്രവർത്തനങ്ങളും കാണാനോ അവയെ പ്രതിരോധിക്കാനോ സാധിക്കുകയില്ല. അതുകൊണ്ട് പിശാചിന്റെ സകല പ്രവർത്തനങ്ങളും കാണുന്ന അല്ലാഹുവോടാണ് നാം കാവൽതേടേണ്ടത് എന്നകാര്യം വളരെ വ്യക്തമായിത്തന്നെ മഹാനവർകൾ വിശദീകരിക്കുന്നു. എന്നിട്ടും ഇമാം റാസിയുടെ മേൽ ഈ ആരോപണം കെട്ടിവെക്കുന്നവർ മാപ്പർഹിക്കുന്നില്ല എന്നെ പറയാനുള്ളു.

ഇനി ഈ ഹദീസിനെ ഫത്ഹുൽ ബാരിയിൽ ഇമാം ഇബ്നുഹജർ (റ) വിശദീകരിക്കുന്നത് ഞാൻ ഇതുവരെ പറഞ്ഞകാര്യങ്ങളെയൊക്കെ ശരിവെക്കുന്നു. "ഖത്താബി (റ) പറയുന്നു. ഇമാം അഹ്മദ് (റ) ഈ ഹദീസ് അല്ലാഹുവിന്റെ വചനം സൃഷ്ടിക്കപ്പെട്ടതല്ല എന്നതിന് തെളിവ് പിടിച്ചിട്ടുണ്ട്. കാരണം തിരുമേനി (സ്വ) ഒരിക്കലും മഖ്ലൂക്കിനെ പിടിച്ചു കാവലിനെ ചോദിക്കുകയില്ല" (ഫത്ഹുൽ ബാരി)

ഇമാം അഹമ്മദ് (റ) യേക്കാളും വലിയ മുജ്തഹിദുങ്ങളാണോ ഈ സഖാഫികൾ? പരിശുദ്ധ ഖുർആനിലെ സൂറ: അൽകഹ്ഫ് 109 ലെ 'കലിമാത്തും' സൂറ: ലുഖ്മാൻ 27 ലെ 'കലിമാത്തും' മനസ്സിലാക്കിയിരുന്നെങ്കിൽ എന്റെ സുഹൃത്തുക്കളും ഉസ്താദുമാരും ഈ മഹാവിപത്തിൽ ചെന്ന് ചാടില്ലായിരുന്നു. കലിമത്ത് എന്നത് അല്ലാഹുവിന്റെ വചനങ്ങൾ അഥവാ സ്വിഫത്തായിട്ടാണ് ഇമാം റാസി(റ) യെപ്പോലെയുള്ളവർ വിശദീകരിച്ചിരിക്കുന്നത്. തങ്ങളുടെ വാദങ്ങളെ എന്തു പറഞ്ഞും ന്യായീകരിക്കുക എന്ന ലക്ഷ്യം മാത്രമുള്ളപ്പോൾ സത്യം മനസ്സിലാക്കി അതുൾകൊള്ളുക എന്ന ചിന്ത ഉണ്ടാവുകയില്ലല്ലോ.

*? ഇത്രയും വ്യക്തമായി താങ്കൾ കാര്യങ്ങൾ മനസ്സിലാക്കിയ സ്ഥിതിക്ക് നിങ്ങളുടെ സുഹൃത്തുക്കളെ ഇതുപറഞ്ഞ് മനസ്സിലാക്കാൻ ശ്രമിക്കാതിരുന്നത് എന്തുകൊണ്ട്?*

സത്യത്തിൽ ഇതൊക്കെ തെളിവാണെന്ന് തന്നെയായിരുന്നു ഞാനും കരുതിപ്പോന്നത്. സലഫിസത്തിന്റെ മാധുര്യം നുകരാൻ തുടങ്ങിയ ശേഷം മാത്രമാണ് ഇത്തരം കാര്യങ്ങളൊക്കെ വിശദമായി പഠിക്കാൻ തുടങ്ങിയത്. ഇനിയും പഠിച്ചുകൊണ്ടിരിക്കുകയാണ്. സലഫീ പ്രസ്ഥാനത്തിലെ ഒരു വിദ്യാർത്ഥിയാണ് ഞാൻ ഇന്ന്. ഇ.അ. സത്യസന്ദേശം തന്റെ സഹോദരങ്ങളിലേക്ക് എത്തിക്കാനുള്ള ശ്രമത്തിലാണ്. ഒരിക്കലും സ്വയം തുറക്കാൻ പാടില്ലാത്ത ഇജ്തിഹാദിന്റെ വാതിൽ ചവിട്ടിതുറക്കുകയും കർമ്മശാസ്ത്രത്തിന്റെ വാതിൽ കൊട്ടിയടക്കുകയും ചെയ്തതിന്റെ പരിണിതഫലമാണ് ഇവരിലൂടെ നാം കണ്ടുകൊണ്ടിരിക്കുന്നത്. ഈ യാഥാർത്ഥ്യം അവരെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ ഞാൻ ഏറെ ബാദ്ധ്യസ്ഥനുമാണല്ലോ.

*? ഈയടുത്ത കാലത്തായി നടന്ന സുന്നീ മുജാഹിദ് സംവാദങ്ങളെ കുറിച്ച് എന്താണഭിപ്രായം?*

ഓരോ സംവാദങ്ങൾ നടന്നുകഴിയുമ്പോഴും ഇസ്ലാഹീ പ്രസ്ഥാനത്തിന്റെ അജയ്യത ബോദ്ധ്യപ്പെടുകയാണ്. സമസ്തയുടെ പാപരത്തവും. രണ്ടുതരം പ്രാർത്ഥനകളുണ്ടെന്നാണ് മണ്ണാർക്കാട് സംവാദത്തിൽ എന്റെ സുഹൃത്ത് സുലൈമാൻ സഖാഫി തട്ടിവിട്ടത്. നബി (സ്വ) അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിച്ച ഒന്നാമത്തെ പ്രാർത്ഥന എല്ലാവർക്കുമറിയാം. എന്നാൽ രണ്ടാമതായി പറഞ്ഞ പ്രാർത്ഥനയെക്കുറിച്ച് വിശദീകരിക്കണമെന്ന് മുജാഹിദ് പണ്ഡിതൻ സകരിയ്യ സ്വലാഹി ആവർത്തിച്ചാവർത്തിച്ചു ചോദിച്ചിട്ടും എന്റെ സുഹൃത്ത് സുലൈമാൻ സഖാഫി ഉരുണ്ടുമറിയുകയാണ് ചെയ്തത്. അതിനുശേഷം പല സംവാദങ്ങളും നടന്നുവല്ലൊ. സുലൈമാന്റെയും അലവിയുടേയും രാസായുധമായ സ്വമദിയ്യത്ത് എവിടെയും പറഞ്ഞു കേട്ടില്ല. മുഖാമുഖ വീരന്മാരായ ഇവർ സ്വമദിയ്യത്ത് പറഞ്ഞാണല്ലോ രക്ഷപ്പെട്ടിരുന്നത്. മുജാഹിദുകൾ സുന്നികളെ കാഫിറാക്കുന്നുവെന്ന് ആവേശത്തോടെ തെളിയിക്കാൻ വന്ന പേരോട് സഖാഫി ഇ.കെ. കൂറ്റാനാടിനെ കാഫിറും മൂർത്തദ്ദുമാക്കി എന്ന വാർത്ത ഹനീഫ കായക്കൊടിയിൽ നിന്നു വായിച്ചുകേട്ടപ്പോൾ വിളറി വെളുക്കുന്നത് എല്ലാവരും കണ്ടതാണ്. അവസാനം കോട്ടക്കലിൽ "ഉൻളുർനാ" എന്ന പുതിയ തെളിവുമായി വന്ന

അഹ്സനിമാരുടെ ചിരിനാടകവും സമുദായ മക്കൾ സഹിച്ചു. ഏതൊരു സാധാരണക്കാരനും മനസ്സിലാകുന്ന ദുർവ്യാഖ്യാനമാണ് അഹ്സനിമാർ നടത്തിയത്. കേട്ടാൽ തോന്നുക അല്ലാഹുവിനോട് പ്രാർത്ഥിക്കാനുള്ള തെളിവിനേക്കാൾ കൂടുതൽ മരിച്ചവരെ വിളിച്ചുപ്രാർത്ഥിക്കാനാണെന്ന്. പരിശുദ്ധ ഖുർആൻ വചനങ്ങളെ തനിക്ക് തോന്നിയതുപോലെ വ്യാഖ്യാനിക്കുക എന്നത് ഇവർ ഒരു നിത്യതൊഴിലാക്കി മാറ്റിയിരിക്കുകയാണ്.

*? ഹുസൈൻ സലഫിയും പേരോട് സഖാഫിയും തമ്മിൽ നടക്കുന്ന നാദാപുരം ഖണ്ഡന പ്രസംഗത്തെക്കുറിച്ച്?*

മുൻധാരണകളൊക്കെ മാറ്റിവെച്ച് ഇരുവിഭാഗത്തിന്റെയും പ്രഭാഷണം കേൾക്കുന്ന ഏതൊരാൾക്കും പേരോട് സഖാഫിയുടെ ആദർശപാപ്പരത്തം ബോധ്യപ്പെടുന്നതാണ്. ഓരോ സുന്നിയും നാദാപുരം കാസറ്റുകൾ കേൾക്കണമെന്നാണ് എനിക്ക് എന്റെ സഹോദരന്മാരോട് പറയാനുള്ളത്. ഹുസൈൻ സലഫിയെ ആദർശപരമായി നേരിടാൻ സാധിക്കാത്തതിനാലാണ് പേരോട് സലഫിയെ വ്യക്തിഹത്യചെയ്യാൻ ശ്രമിച്ചത്. എന്നാൽ ക്ലിപ്പിംഗിലൂടെ ഹുസൈൻ സലഫി അതൊക്കെ പൊതുജന ശ്രദ്ധയിൽ പെടുത്തിയപ്പോൾ അതിനെക്കുറിച്ചൊന്നും പറയാതെ, ഖബറടക്കിയ സ്വമദിയ്യത്തിനെ കുറിച്ച് എന്തൊക്കെയൊ പറഞ്ഞു തടി സലാമത്താക്കുകയാണ് അദ്ദേഹം ചെയ്തത്. നാദാപുരം ഖണ്ഡനം ഇസ്ലാഹീ പ്രസ്ഥാനത്തിനൊരു മുതൽ കൂട്ടാണെന്ന സത്യം പറയാതിരിക്കാൻ വയ്യ. ഇതുപോലെ നാല് ഖണ്ഡനം കേരളത്തിന്റെ പ്രധാന സ്ഥലങ്ങളിൽ വെച്ച് നടക്കുകയാണെങ്കിൽ സമസ്തയുടെ ആശയപാപ്പരത്തം പൊതുജനം തിരിച്ചറിയുക തന്നെ ചെയ്യും.

നാദാപുരം ഖണ്ഡനം ഇസ്ലാഹീ പ്രസ്ഥാനത്തിനൊരു മുതൽ കൂട്ടാണെന്ന സത്യം പറയാതിരിക്കാൻ വയ്യ. ഇതുപോലെ നാല് ഖണ്ഡനം കേരളത്തിന്റെ പ്രധാന സ്ഥലങ്ങളിൽ വെച്ച് നടക്കുകയാണെങ്കിൽ സമസ്തയുടെ ആശയപാപ്പരത്തം പൊതുജനം തിരിച്ചറിയുക തന്നെ ചെയ്യും.

*? ലോകത്തൊരിടത്തും സ്ത്രീകൾ പള്ളിയിൽ പോകുന്നില്ലെന്നും 1921 ന് ശേഷം ആദ്യമായി ഒതായിയിലാണ് സ്ത്രീകൾ പള്ളിയിൽ പ്രവേശിച്ചതെന്നുമുള്ള കാന്തപുരത്തെപ്പോലെയുള്ള പണ്ഡിതന്മാരുടെ വാദത്തെക്കുറിച്ചെന്ത് പറയുന്നു?*

ഇത് ശരിയല്ല. നേരെമറിച്ചാണ് കാര്യമുള്ളത്. സ്ത്രീകൾ പള്ളിയിൽ പോകാത്തതായി ഒരു നാടുമുണ്ടാവുകയില്ല എന്നതാണ് വാസ്തവം. മക്ക, മദീന, മസ്ജിദുൽ അഖ്സ എന്നീ പുണ്യമാക്കപ്പെട്ട പള്ളികളിൽ നബി തിരുമേനി (സ്വ) യുടെ കാലം മുതൽ ഈ ദിവസംവരെ സ്ത്രീകൾ പള്ളിയിൽ പോയി നമസ്കരിക്കുന്നു. സ്ത്രീ പള്ളിപ്രവേശം എന്നത് 1921 ന് ശേഷം മുജാഹിദുകൾ ഇറക്കുമതിചെയ്ത പുത്തനാശയമാണെന്ന ആരോപണം കിതാബുമായി സാമാന്യബന്ധമുള്ള ഒരാളും പറയുമെന്ന് തോന്നുന്നില്ല. കാരണം നൂറിൽപരം ഹദീസുകൾ തന്നെ ഈ വിഷയത്തിൽ നമുക്ക് കാണാൻ സാധിക്കും. കർമ്മശാസ്ത്രഗ്രന്ഥങ്ങളിലൊക്കെ നമുക്കിത് കാണാം. എന്തിനേറെ മഹാനായ ശാഫിഈ (റ) ജുമുഅക്ക് പോകൽ നിർബന്ധമല്ലാത്ത സ്ത്രീകൾ, കുട്ടികൾ, അടിമകൾ എന്നിവർ പ്രതിബന്ധങ്ങൾ നീങ്ങിക്കഴിഞ്ഞാൽ ജുമുഅക്ക് പോകലാണ് ഖൈറ് എന്നുവരെ അൽ ഉമ്മിൽ രേഖപ്പെടുത്തിയതായി കാണാം. ഇത്രയും വ്യക്തമായ സത്യത്തിനുനേരെ കണ്ണുചിമ്മി മുജാഹിദുകൾക്കെതിരെ ആരോപണമുന്നയിക്കുന്നത് എത്ര മഹാനായാലും അത് ശരിയല്ല എന്നേ പറയാനുള്ളൂ. ഉസ്താദുമാർ പറയുന്നത് മാത്രം വിശ്വസിക്കുന്നവർ മാത്രമേ ഇതൊക്കെ വിശ്വസിക്കുകയുള്ളൂ എന്നതാണ് സത്യം.

*? താങ്കളുടെ ഗുരുനാഥന്മാർ, സഹപ്രവർത്തകർ, സഹപാഠികൾ, മറ്റുസുന്നികൾ ഇവരോട് താങ്കൾക്ക് വല്ലതും പറയാനുണ്ടോ?*

ഉണ്ട്, ധാരാളം പറയാനുണ്ട്. (ഇ.അ.) അത് പറയാനായിരിക്കും ബാക്കിയുള്ള എന്റെ ആയുസ്സ് ഞാൻ ചിലവഴിക്കുക. മൊത്തത്തിൽ സമസ്തക്കാരോടെനിക്ക് പറയാനുള്ളത്. നിങ്ങൾ അല്ലാഹുവിനെ മാത്രം വിളിച്ചുപ്രാർത്ഥിക്കുന്നവരാകണമെന്നതാണ്. മരണമടഞ്ഞവരെ വിളിച്ചുതേടുന്നത് വ്യക്തമായ വഴികേടാണ്. നമുക്ക് നേർമാർഗ്ഗം കാണിച്ചുതന്ന മുത്തുനബി (സ്വ) യുടെയോ സച്ചിതരായ സ്വഹാബത്തിന്റെയോ മാർഗ്ഗമല്ല അത്, അവരൊക്കെ വിളിച്ചുതേടിയത് റഹ്മാനായ റബ്ബിനോട് മാത്രമാണ്. അവരാരും തന്നെ മഹാന്മാരുടെ ഖബ്ർ കെട്ടിയുയർത്തിയോ അല്ലാതെയോ നേർച്ച വഴിപാടുകളോ നേർച്ച പൂരങ്ങളോ നടത്തിയിരുന്നില്ല. എന്നാൽ ഞങ്ങളുടെ ജാഹിലിയ്യാ കാലത്ത് ഇത്തരം ശിർക്കൻ പ്രവർത്തനങ്ങൾ ചെയ്തവരും. അതിനെതിരെ ശബ്ദിക്കുന്നവരെ പരമാവധി ദ്രോഹിക്കുകയും ചെയ്തിരുന്നു. ഈ സത്യം മനസ്സിലാക്കുമ്പോൾ സത്യവും അസത്യവും വേർതിരിയുന്നു. അതുകൊണ്ട് എന്റെ ഉസ്താദുമാരോടും മറ്റു സുന്നീ പ്രവർത്തകരോടും എനിക്ക് വിനീതനായി പറയാനുള്ളത്, മുൻഗാമികളായ സ്വഹാബത്തിന്റെ ആ തെളിഞ്ഞ മാർഗ്ഗത്തിലേക്ക് നിങ്ങൾ കടന്നുവരിക. വീറും വാശിയും കിബ്റും വെടിയുക. നാളെ പരലോകത്ത് നാം വിചാരണയെ നേരിടേണ്ടത് ഒറ്റക്കാണെന്ന ബോധം എല്ലാവരും ഓർക്കുക!. ●